**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 176** **12-10-2026-ൽ മറുപടിയ്ക്ക്**

**ഹാപ്പിനസ് ആൻഡ് വെൽനെസ് സെന്ററുകൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. സേനാപതി വേണു

ശ്രീ. വി. ടി. സൂരജ്

ശ്രീ. റോണി. കെ. ബേബി

**മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പേര് “ഹാപ്പിനസ് ആൻഡ് വെൽനെസ് സെന്ററുകൾ” എന്ന് മാറ്റിയിട്ടുണ്ടോ; ഈ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ, ചികിത്സാ സംവിധാനങ്ങൾ, രോഗികളുടെ പുനരധിവാസം എന്നിവ മെച്ചപ്പെടുത്തുന്നതിനായി പുതിയ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി:** 07/09/2026-ലെ സ.ഉ.(സാധാ) നം.2950/2026/ആകുവ പ്രകാരം മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പേര് “ഹാപ്പിനസ് ആൻഡ് വെൽനെസ് സെന്റർ എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ ഹാപ്പിനസ് ആൻഡ് വെൽനെസ് സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. സാമൂഹിക നീതി വകുപ്പ്, NGOs, DLSA എന്നിവയുടെ സഹകരണത്തോടെ രോഗികളുടെ പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

**(ബി)** പ്രസ്തുത സ്ഥാപനങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ വികസന പ്രവർത്തനങ്ങൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

**മറുപടി:** 24/04/2023 തീയതിയിലെ സ.ഉ. (സാധാ) നം. 947/2023/ആകുവ പ്രകാരം തിരുവനന്തപുരം ഹാപ്പിനസ് ആൻഡ് വെൽനെസ് സെന്ററിലെ വികസനവുമായി ബന്ധപ്പെട്ട മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. KIIFB ഫിനാൻഷ്യൽ സാങ്ക്ഷൻ നൽകിയിട്ടുണ്ട്. മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥലം സന്ദർശിച്ച് പ്രാഥമിക സ്ഥല പരിശോധനയും സർവേ റിപ്പോർട്ടും തയ്യാറാക്കുന്നതിന് INKEL Limited-നു അനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട്, തൃശ്ശൂർ ഹാപ്പിനസ് ആൻഡ് വെൽനെസ് സെന്ററുകളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടു തയ്യാറാക്കിയ മാസ്റ്റർപ്ലാൻ-ന്റെ ഭാഗമായ വികസന പ്രൊപ്പോസൽ INKEL/KIIFB-ന്റെ പരിഗണനയിലാണ്..

**(സി)** രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ, പുനരധിവാസം, മാനസിക-സാമൂഹിക പിന്തുണ എന്നിവ ഉറപ്പാക്കുന്നതിനായി നിലവിലുള്ള സംവിധാനങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ട്; വിശദമാക്കുമോ;

**<u>മറുപടി:</u>** ഹാപ്പിനസ് ആൻഡ് വെൽനെസ് സെന്ററുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും ഏകികൃതവുമാക്കുന്നതിനായി ഓരോ വിഭാഗത്തിനും പ്രത്യേകം Standard Operating Procedure (SOP) തയ്യാറാക്കുന്നതിനുള്ള നടപടി ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിച്ചു വരുന്നു.

**(ഡി)** ഹാപ്പിനസ് ആൻഡ് വെൽനെസ് സെന്ററുകളിലെ കെട്ടിടങ്ങൾ, ചികിത്സാ സൗകര്യങ്ങൾ, ജീവനക്കാരുടെ ലഭ്യത, വിനോദ-പുനരധിവാസ സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**<u>മറുപടി:</u>** ഹാപ്പിനസ് ആൻഡ് വെൽനെസ് സെന്ററുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ആവശ്യമായ ജീവനക്കാരുടെ ലഭ്യത ഉറപ്പാക്കുന്നതിനായി അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. രോഗികളുടെ പുനരധിവാസ പ്രവർത്തനങ്ങൾ സാമൂഹിക നീതി വകുപ്പ്, NGO, DLSA എന്നിവയുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നു. കൂടാതെ തിരുവനന്തപുരം ഹാപ്പിനസ് ആൻഡ് വെൽനെസ് സെന്ററിൽ റിഹാബ് യൂണിറ്റിന്റെ അഭിമുഖ്യത്തിൽ വാക്കേഴ്സ് ക്ലബ്, മ്യൂസിക് പ്രോഗ്രാംസ്, തൊഴിലധിഷ്ഠിത നൈപുണ്യ വികസനത്തിനായി HLL-ന്റെ പീലിംഗ് യൂണിറ്റ് എന്നിവ പ്രവർത്തിക്കുന്നു. കൂടാതെ ചവിട്ടി നിർമ്മാണം, ബഡ്ഷീറ്റ് നിർമ്മാണം, കാൻഡിൽ മേക്കിങ്, കുട നിർമ്മാണം, സോപ്പ്/ ഡിറ്റർജന്റ് പൗഡർ/ ഹാൻഡ് വാഷ് നിർമ്മാണം എന്നിവയ്ക്ക് പരിശീലനം നൽകി വരുന്നു. കൂടാതെ ബ്രഡ് ബേക്കിംഗ് യൂണിറ്റിലും അന്തേവാസികൾക്ക് പരിശീലനം നൽകുന്നു.

**സെക്ഷൻ ഓഫീസർ**